**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ,**
**തിരുവനന്തപുരം**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – അറ്റൻഡർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.7/എസ്റ്റാ.1/2019** **തീയതി: 03.12.2019**

---

പരാമർശം : (1) സ.ഉ(പി)നം.9/93/പി &എ.ആർ.ഡി തീയതി : 19.01.1993

(2) ഈ കാര്യാലയത്തിലെ 24.10.2019 ലെ കെ.എസ്.എ 7/എസ്റ്റാ.1/2019 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സിയോ തത്തുല്യ യോഗ്യതയോ ഉള്ളവരും സർക്കാർ സർവ്വീസിൽ മൂന്നു വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചിട്ടുള്ളവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവരുടെ സമ്മതപത്രം കൂടി കണക്കിലെടുത്ത് തസ്തികമാറ്റം വഴി അറ്റൻഡറായി നിയമനം നൽകാവുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ അറ്റൻഡർ തസ്തികയിൽ നിലവിലുള്ള മൂന്ന് ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിന് യോഗ്യരായ ജീവനക്കാരിൽ നിന്നും പരാമർശം 2 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമ്മതപത്രം നൽകിയ ജീവനക്കാരിൽ ഏറ്റവും സീനിയറായ താഴെപ്പറയുന്ന ജീവനക്കാർക്ക് അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള കാര്യാലയങ്ങളിൽ 17000–37500 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡർ തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, പെൻ | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | അറ്റൻഡറായി തസ്തികമാറ്റ നിയമനം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.നാസർ.സി.എച്ച് (362914) | ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട് | ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ് |
| 2 | ശ്രീമതി.ജയശ്രീ.സി (597807) | കാലിക്കറ്റ് സർവകലാശാല ഓഡിറ്റ് കാര്യാലയം, മലപ്പുറം | കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് |
| 3 | ശ്രീമതി.ഷൈമ.പി.വി (588208) | കണ്ണൂർ സർവകലാശാല ഓഡിറ്റ് കാര്യാലയം, കണ്ണൂർ | കണ്ണൂർ സർവകലാശാല ഓഡിറ്റ് കാര്യാലയം, കണ്ണൂർ |

(ഒപ്പ്)
**ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

**പകർപ്പ്**

1. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറക്ടറേറ്റ്
2. എസ്റ്റാ 2,3,4 സെക്ഷനുകൾ
3. സ്റ്റോക്ക്

**ഉത്തരവിൻപ്രകാരം**

**ഓഡിറ്റ് ഓഫീസർ**